"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4 (3) പ്രകാരം കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിന്റെ 27/11/21-ലെ 9/1-ാം നമ്പർ തീരുമാനം റദ്ദാക്കിയ സർക്കാർ ഉത്തരവ് - റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1246/2023/LSGD തീയതി,തിരുവനന്തപുരം, 16-06-2023

പരാമർശം:-

1. സ.ഉ. (സാധാ) നം. 338/2022/തസ്വഭവ. തീയതി 15/02/2022.
2. ഒ.പി. (ആർ.സി.) നം. 190/2022-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച 15/06/2022 തീയതിയിലെ ഉത്തരവ്.
3. മാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫയൽ ചെയ്ത 25230/2022 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 30/08/2022 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.
4. സ.ഉ. (സാധാ.) നം. 2569/2022/ത.സ്വ.ഭ.വ. തീയതി 22/10/2022.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 27/11/21-ലെ 9/1 നമ്പർ ഭരണസമിതി തീരുമാനം, ഒരു വ്യക്തിയുടെ സ്വഭാവത്തെയോ പെരുമാറ്റത്തെയോ പരാമർശിക്കുന്നതായതിനാൽ, 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമങ്ങൾ) ചട്ടം 13 (4) ന് വിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ,പ്രസ്തുത തീരുമാനം നടപ്പാക്കുന്നത് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191 (4) വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് താൽക്കാലികമായി നിർത്തിവച്ചുകൊണ്ടും, ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191 (2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) മാവൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശിത വിവാദപ്രമേയം പഞ്ചായത്തിന്റെ ഭരണപരമായ പരിധിയിൽ വരുന്ന സംഗതിയെ സംബന്ധിച്ചുള്ളതല്ലാത്തതിനാലും, അതിൽ തർക്കങ്ങളും ഊഹാപോഹങ്ങളും പരിഹാസതുല്യമായ വാക്കുകളോ മാനഹാനി വരുത്തുന്ന പ്രസ്താവനകളോ ആണുള്ളതെന്നും ടി പ്രമേയം പാസ്സാക്കിയ നടപടി നിയമത്തിനും ചട്ടത്തിനും അനുസൃതമല്ല എന്നും കണ്ടെത്തിയതിനാൽ പ്രസ്തുത തീരുമാനം റദ്ദ് ചെയ്യേണ്ടതും റദ്ദാക്കാവുന്നതുമാണെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 27/11/21-ലെ 9/1 നമ്പർ തീരുമാനം റദ്ദ് ചെയ്തുകൊണ്ട് പരാമർശം

(4)പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) മാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫയൽ ചെയ്ത 25230/2022 നമ്പർ റിട്ട് ഹർജി പരിഗണിച്ച ബഹു. കേരള ഹൈക്കോടതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച പരാമർശം (2)ലെ ഉത്തരവ് നടപ്പിലാക്കുന്നത് സ്റ്റേ ചെയ്തു കൊണ്ട് പരാമർശം (3) ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3)പ്രകാരമുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ തിരുവനന്തപുരം.

ഡയറക്ടർ (റൂറൽ), തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ [LSGD-EM1/133/2022-LSGD & LSGD-EM1/13/2022-LSGD]

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
സെക്ഷൻ ഓഫീസർ
Date: 17-06-2023 09:53:35

Copy to : PA to Additional Chief Secretary
PA to Principal Secretary.